# മഹാമാരിയിൽ തണലായി കുടുംബശ്രീ

കനകം വിളയുന്ന നാട് എന്നർത്ഥമുള്ള കനകപ്പള്ളിയിൽ നിന്നുണ്ടായ കടന്നപ്പള്ളിയും പാണ്ഡവന്മാരുടെ പുഴയായ പാണ്ഡവപുഴയിൽ നിന്നുണ്ടായ പാണപ്പുഴയും ചേർന്ന വൈവിധ്യമാർന്ന പ്രകൃതി സൗന്ദര്യം കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിന്റെ സവിശേഷതയാണ് .

ദാരിദ്രനിർമാർജനം ,സാമ്പത്തിക ശാക്തീകരണം , സ്ത്രീ ശാക്തികരണം എന്നി മൂന്നു ലക്ഷ്യവുമായി 1998 മെയ് 17 നു മലപ്പുറം ജില്ലയിലെ വേങ്ങയിൽ ജന്മം കൊണ്ട് കുടുംബശ്രീ 2000 ആണ്ടോടെ കടന്നപ്പള്ളി പഞ്ചായത്തിലും പ്രവർത്തനം ആരംഭിച്ചു . 10 വാർഡുകളിലായി 12 കുടുംബശ്രീ യൂണിറ്റുകളിലായി തുടങ്ങിയ ഈ പ്രസ്ഥാനം 2019 -20 ആകുമ്പോഴേക്കും 241 യൂണിറ്റുകളിലായി 3829 ഓളം സ്ത്രീകളുടെ കൂട്ടായ്മ ആയി മാറ്റുവാൻ സാധിച്ചു. കുടുബബഡ്ജറ്റ് തകരുന്ന ഘട്ടത്തിൽ ത്രിഫ്റ്റ് നിക്ഷേപത്തിലൂടെയും ആഭ്യന്തര വായ്പയിലൂടെയും സാമ്പത്തിക ഭദ്രത കൈവരിക്കാനും കുടുംബാന്തരീക്ഷം മെച്ചപ്പെടുത്താനും സാധിച്ചു.

സ്ത്രീകളുടെ സംഘശക്തിക്ക് സ്ത്രീ ശാക്തികരണവും സാമ്പത്തിക ഭദ്രതയും മാത്രമല്ല ഒരു മഹാമാരിയെ പ്രതിരോധിക്കാനും സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ് കടന്നപ്പള്ളി CDS .ചെയർപേഴ്സൺ ബിന്ദു കെ ജി യുടെയും 17 അംഗ ഭരണസമിതിയുടെയും നേതൃത്വത്തിൽ നടത്തുന്ന പ്രവത്തനങ്ങൾ കോവിഡ് 19 എന്ന മഹാമാരിയെ പേടിച്ചു എല്ലാവരും വീട്ടിലിരിക്കുമ്പോൾ അതിനെ നേരിടാനും അതിലൂടെ ജീവിതം വഴിമുട്ടിയവർക്കു ഒരു താങ്ങായി പ്രവർത്തിക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞു

കൊറോണ വ്യാപനത്തെ തുടർന്ന് സർക്കാർ ലോക്ഡോൺ പ്രഖ്യപിച്ചപ്പോൾ ജന ജീവിതം സ്തംഭിച്ചു. ഒരു നേരത്തെ ഭക്ഷണം പോലും ലഭിക്കാതെ കുറെ പേര് കഷ്ടപ്പെട്ടു. ഇതിന് പ്രതിവിധിയായി പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ 2020 മാർച്ച് 27 നു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു . CDS ചെയർപേഴ്സൺ ,അക്കൗണ്ടന്റ് ,ME കൺവീനർ CDS മെമ്പർ കൂടാതെ 2 കുടുംബശ്രീ പ്രവർത്തകരും മുന്നോട്ടു വന്നു കാര്യങ്ങൾ ഏറ്റെടുത്തു നടത്തി. പ്രതിദിനം ശരാശരി 50 ലധികം ഭക്ഷണ പൊതികൾ എത്തിച്ചു കൊടുക്കാൻ അവർക്കു സാധിച്ചു. ലോക്ഡൌണിനു ഇളവുവന്ന ശേഷം കമ്മ്യൂണിറ്റി കിച്ചൻ "ജനകീയ

Scanned by CamScanner

ഹോട്ടൽ" ആക്കി മാറ്റി അവർ സേവനം തുടരുന്നു. ദിനം പ്രതി 70 ൽ അധികം ചോറ് ഇവിടെനിന്നും ലഭ്യമാക്കുന്നുണ്ട് .



കമ്മ്യൂണിറ്റി കിച്ചൻ കൂടാതെ ഒട്ടനേകം പ്രവർത്തനങ്ങൾ CDS ന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ അയൽക്കൂട്ടങ്ങളിലും വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. അത് ഒരു മഹത്തായ യജ്ഞം തന്നെയായിരുന്നു . അയൽക്കൂട്ടങ്ങൾ ചേരാൻ സാധിക്കാത്ത ഈ സമയം അവർ ഈ ഗ്രൂപ്പിലൂടെ സർക്കാരിന്റെയും ജില്ലാമിഷന്റെയും വിവരങ്ങൾ കൈമാറി. കൊറോണയെ നേരിടാനുള്ള ബോധവൽക്കരണവും ഇതിലൂടെ നടത്തുന്നുണ്ട്.

ലോക്കഡോൺ മൂലം മാനസികപ്രയാസം അനുഭവിക്കുന്ന വയോജനങ്ങളെ സന്ദർശിച്ചു ക്ഷേമാന്വേഷണം നടത്തിയും ,അവർക്കു വേണ്ട കിറ്റുകളും മരുന്നുകളും എത്തിച്ചു നൽകിയും കുടുംബശ്രീകൾ മാതൃക കാട്ടി. എല്ലാ അംഗതികളുടെ വീട്ടിലേക്കും ഭക്ഷണ സാധനങ്ങളും മുടക്കം കൂടാതെ എത്തിച്ചു നൽകി. കൂടാതെ പുറത്തിറങ്ങാൻ കഴിയാത്ത ജനങ്ങൾക്ക് അനാദി സാധനങ്ങളും റേഷൻ സാധനങ്ങളും ADS ന്റെ നേതൃത്വത്തിൽ എത്തിച്ചു കൊണ്ട് ഹോംശ്രീ പ്രവർത്തനം ആരംഭിച്ചു . 48 കുടുംബശ്രീ അംഗങ്ങൾ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്തു.മുഖ്യമന്ത്രിയുടെ വായ്പ സഹായയഹസ്തം പദ്ധതിയിലൂടെ 193 അയൽക്കൂട്ടങ്ങളിലൂടെ

Scanned by CamScanner

2046 അംഗങ്ങൾക്കു അതിന്റെ ഫലം ലഭിച്ചു.



പ്രതിരോധ പ്രവർത്തനത്തിൽ ആദ്യ ഘട്ടത്തിൽ തന്നെ എല്ലാ അയൽക്കൂട്ടങ്ങളിലും മാസ്കുകൾ അടിച്ചു തുടങ്ങി. ഇതിലൂടെ ആ യൂണിറ്റുകൾക്ക് ഒരു നല്ല വരുമാന മാർഗം ലഭിച്ചു. സപ്ലൈകോയുടെ കിറ്റ് വിതരണത്തിന് വേണ്ടിയുള്ള സഞ്ചികളും കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച് നൽകി.കൂടാതെ കിറ്റു കളുടെ പാക്കിങ് ജോലികൾ കുടുംബശ്രീ ഏറ്റെടുത്തു. ഇതിനു വേണ്ടി പത്തോളം അംഗങ്ങൾ പ്രവർത്തിച്ചു





Scanned by CamScanner

ജില്ലാമിഷൻറെ നേതൃത്വത്തിൽ ലോക്കഡോൺ സമയത്തെ വിരസത മാറ്റാൻ നടത്തിയ ബാലസഭാ കുട്ടികളുടെ പരിപാടിയിലും,രചനകളിലും കൃഷിയുമായി ബന്ധപ്പെട്ടു നടത്തിയ 'എല്ലാരും നടന്' എന്ന പ്രോഗ്രാമിലും നല്ല പങ്കാളിത്തം ഉണ്ടാകാൻ സാധിച്ചു.



ചില അയൽക്കൂട്ടങ്ങൾ അവർക്കു സാധിക്കുന്ന സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്യാനും മറന്നില്ല.അവരുടെ പരിധിയിലുള്ള വീടുകളിൽ പച്ചക്കറി കിറ്റുകൾ നൽകി അവർ മാതൃക കാട്ടി



Scanned by CamScanner

സ്കൂളിൽ അതീവ ജാഗ്രതയോടെ നടക്കുന്ന SSLC ,പ്ലസ്2 കുട്ടികൾക്കുള്ള മാസ്ക് വിതരണവും കുടുംബശ്രീ ഏറ്റെടുത്തു നടത്തി.

കുടുംബശ്രീ എന്നത് ഒരു മഹാശക്തി തന്നെയാണെന്ന് ഈ മഹാമാരിയുടെ ഘട്ടത്തിൽ നമുക്ക് തെളിയിക്കാൻ കഴിഞ്ഞു.ഏതു പ്രതിസന്ധി ഘട്ടത്തിലും തങ്ങളെ സഹായിക്കാൻ കുടുംബശ്രീ ഉണ്ടാകും എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ ഇതിലൂടെ നമ്മുടെ അംഗങ്ങൾക്ക് സാധിച്ചു

ബിന്ദു കെ ജി

സിഡിസ് ചെയർപേഴ്സൺ

കടന്നപ്പള്ളി പാണപ്പുഴ സിഡിസ്

CHAIRPERSON KUDUMBASREE
KADANNAPPALLI-PANAPUZHA
PANCHAYATH

ജിഷ . സി

MKSP ബ്ലോക്ക് കോർഡിനേറ്റർ

തളിപ്പറമ്പ ബ്ലോക്ക്

9961339831

Scanned by CamScanner